## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4175 | | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അജൈവ മാലിന്യ ശേഖരണം | | | | |
| ചോദ്യം | | | ഉത്തരം | |
| ശ്രീ.എം.സ്വരാജ് | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന e-waste, വൈദ്യുത ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, കണ്ണാടി കുപ്പികൾ തുടങ്ങിയവ സ്ഥിരമായി ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) & (ബി) | നിലവിൽ സഉ(സാധാ)1117/16/തസ്വഭവ തീയതി 04/03/2016, സഉ(സാധാ)3326/2017 തസ്വഭവ തീയതി 17/10/2014 അനുസരിച്ച് ഇ-മാലിന്യങ്ങളും അതിൽ അടങ്ങിയിട്ടുള്ള ആപൽക്കരങ്ങളായ മാലിന്യങ്ങളും (ട്യൂബ് ലൈറ്റ്, ബൾബ്) പുന:ചംക്രമണം ചെയ്യുന്നതിനും, സംസ്കരിക്കുന്നതിനും ക്ലീൻ കേരള കമ്പനി മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിതകർമസേന എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിലുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പരിഗണിച്ചു വരുന്നു. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കൽ, പലവിധ നിത്യോപയോഗ വസ്തുക്കളും ട്യൂബുകളും കവറുകളും രണ്ടു മാസത്തിലൊരിക്കലും, പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കലും, ഇ-വേസ്റ്റ് ആറുമാസത്തിലൊരിക്കൽ എന്ന നിലയിൽ ശേഖരിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. | |
| (ബി) | ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | | |

സെക്ഷൻ ഓഫീസർ